**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2276** **30-09-2025 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ സ്ഥലംമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ അദ്ധ്യാപകർക്ക് കാസർഗോഡ് മെഡിക്കൽ കോളേജിലേക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ സ്ഥലംമാറ്റം അനുവദിച്ചതിനെ തുടർന്ന് പ്രസ്തുത അദ്ധ്യാപകർ ജോലി ചെയ്തിരുന്ന മെഡിക്കൽ കോളേജ് ആശുപത്രികളിൽ നേരിടുന്ന പ്രതിസന്ധി സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകാമോ; | (എ) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ നോൺ ക്ലിനിക്കൽ വിഭാഗം അദ്ധ്യാപകരെയാണ് ജോലിക്രമീകരണ വ്യവസ്ഥയിൽ 3 മാസക്കാലയളവിലേയ്ക്ക് അല്ലെങ്കിൽ പുതിയ തസ്തികകൾ സൃഷ്ടിച്ച്/നിലവിലുള്ള തസ്തികകളിൽ സ്ഥിരനിയമനം നടത്തുന്നത് ഏതാണോ ആദ്യം വരുന്നത് എന്ന നിലയിലാണ് നിയമിച്ചിട്ടുള്ളത്. |
| (ബി) | മെഡിക്കൽ കോളേജിലെ ഡോക്ടർമാരെ ഇപ്രകാരം ജോലി ക്രമീകരണ വ്യവസ്ഥയിൽ സ്ഥലം മാറ്റുന്നത് ചികിത്സ സംവിധാനങ്ങളെ ദോഷകരമായി ബാധിക്കുമെന്നതിനാൽ ഇത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (ബി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ നോൺ ക്ലിനിക്കൽ വിഭാഗം അദ്ധ്യാപകരെയാണ് ജോലിക്രമീകരണ വ്യവസ്ഥയിൽ 3 മാസക്കാലയളവിലേയ്ക്ക് അല്ലെങ്കിൽ പുതിയ തസ്തികകൾ സൃഷ്ടിച്ച്/നിലവിലുള്ള തസ്തികകളിൽ സ്ഥിരനിയമനം നടത്തുന്നത് ഏതാണോ ആദ്യം വരുന്നത് എന്ന നിലയിലാണ് നിയമിച്ചിട്ടുള്ളത്. |
| (സി) | കാസർഗോഡ് ഉൾപ്പെടെയുള്ള എല്ലാ മെഡിക്കൽ കോളേജുകളിലും ആവശ്യാനുസരണം അദ്ധ്യാപകരുടെ ഉൾപ്പെടെയുള്ള തസ്തികകൾ സൃഷ്ടിച്ച് പി. എസ്. സി. മുഖേന നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ; | (സി) | കാസർഗോഡ്, വയനാട് സർക്കാർ മെഡിക്കൽ കോളേജുകളിൽ തസ്തികകൾ സൃഷ്ടിക്കുന്നത് നാഷണൽ മെഡിക്കൽ കമ്മീഷന്റെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ്. സംസ്ഥാനത്തെ പ്രധാന സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ നാഷണൽ മെഡിക്കൽ കമ്മീഷന്റെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ് പര്യാപ്തമായത്ര ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. 09.04.2020-ലെ G.O(Ms)No.62/2020/ആ.കു.വ പ്രകാരം കാസർഗോഡ് മെഡിക്കൽ കോളേജിൽ 273 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും എണ്ണം വർദ്ധിപ്പിക്കുന്നതിനു വേണ്ടി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ പ്രധാന സർക്കാർ മെഡിക്കൽ കോളേജുകളിലെ രോഗികളുടെ |

| | | | |
|---|---|---|---|
| | | | വർദ്ധനവ് കണക്കിലെടുത്തും പുതിയ ഡിപ്പാർട്ടുമെന്റുകൾ രൂപീകരിക്കുന്നതിനുമായി ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും തസ്തികകൾ അധികമായി സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ അത് പര്യാപ്തമല്ലാത്തതിനാൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ സ്റ്റാഫ് ക്വാർട്ടേഴ്സുകളും വിദ്യാർത്ഥികളുടെ ഹോസ്റ്റൽ സൗകര്യങ്ങളും ഉൾപ്പെടെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ചികിത്സാ സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിനു നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | നിലവിൽ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ ഹോസ്റ്റലുകളും ക്വാർട്ടേഴ്സുകളും ആവശ്യമായി വരുന്ന മുറയ്ക്ക് അതാത് വർഷങ്ങളിലെ പ്ലാൻ, വികസന പാക്കേജുകൾ തുടങ്ങിയവ വഴി ആവശ്യത്തിന് ഹോസ്റ്റലുകളും, ക്വാർട്ടേഴ്സുകളും നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കേരള സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഹോസ്റ്റലുകളും ക്വാർട്ടേഴ്സുകളും നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ 103 കോടി രൂപ ചെലവഴിച്ചു നിർമ്മിച്ച പുതിയ ഹോസ്റ്റലുകളും, ക്വാർട്ടേഴ്സുകളും വിദ്യാർത്ഥികൾക്കും, ജീവനക്കാർക്കും ഉപയോഗത്തിനായി നൽകി കഴിഞ്ഞു. അതുപോലെ 92 കോടി രൂപ മുടക്കി ഇടുക്കി മെഡിക്കൽ കോളേജിൽ പണിത ഹോസ്റ്റലുകളും നിലവിൽ വിദ്യാർത്ഥികളുടെ ഉപയോഗത്തിനായി നൽകിയിട്ടുണ്ട്. പ്ലാൻ ഫണ്ട് കൂടാതെ കിഫ്ബി ഫണ്ട് മുഖേനയും ഹോസ്റ്റലുകൾ നിർമ്മിക്കുന്നുണ്ട്. കിഫ്ബി ഫണ്ട് മുഖേന കോന്നി മെഡിക്കൽ കോളേജിൽ 24.66 കോടി രൂപ വിനിയോഗിച്ചു നിർമ്മിച്ച ഹോസ്റ്റൽ കെട്ടിടങ്ങൾ വിദ്യാർത്ഥികളുടെ ഉപയോഗത്തിനായി നൽകിയിട്ടുണ്ട്. കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിൽ കെ ഡി പി ഫണ്ട് മുഖേന 36 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന ഹോസ്റ്റലുകളുടെ നിർമ്മാണം പൂർത്തിയായി വരുന്നു. സംസ്ഥാനത്തെ മറ്റു കോളേജുകളിൽ സ്റ്റാഫ് ക്വാർട്ടേഴ്സുകളും വിദ്യാർത്ഥികളുടെ ഹോസ്റ്റൽ ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനുള്ള നടപടികളും ലഭ്യമായ സൗകര്യങ്ങൾ കാലാകാലങ്ങളിൽ നവീകരിക്കുന്നതിന് വേണ്ട നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ